ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 239-ാം ദിവസം

സങ്കൽപ്പോ വിദിത: സാധ്വ്യോ ഭവതീനാം മദർച്ചനം
മയാനുമോദിത: സോ*f*സൌ സത്യോ ഭവിതുമർഹതി (10-22-25)
നമയ്യാവേശിതധിയാം കാമ: കാമായ കൽപ്പതേ
ഭർജ്ജിതാ ക്വഥിതാ ധാനാ പ്രായോ ബീജായ നേഷ്യതേ (10-22-26)
അഹോ ഏഷാം വരം ജന്മ സർവപ്രാണ്യുപജീവനം
സുജനസ്യേവ യേഷാം വൈ വിമുഖാ യാന്തി നാർത്ഥിന: (10-22-33)
ഏതാവജ്ജന്മസാഫല്യം ദേഹിനാമിഹ ദേഹിഷു
പ്രാണൈരർത്ഥൈർധിയാ വാചാ ശ്രേയ ഏവാചരേത്സദാ (10-22-35)

*ശുകമുനി തുടർന്നു:*
വൃന്ദാവനത്തിലെ ചില കന്യകമാർ കൃഷ്ണനിൽ തങ്ങളുടെ ഹൃദയമർപ്പിച്ചു കഴിഞ്ഞിരുന്നു. മാർഗ്ഗശീർഷമാസത്തിൽ അവർ കാർത്യായനീദേവിയെ ഇങ്ങിനെ ഉപാസിച്ചു. “കാർത്യായനീ മഹാമായേ മഹാ യോഗിന്യധീശ്വരീ നന്ദഗോപസുതം ദേവി പതിംമേ കുരു തേ നമ: (അല്ലയോ കാർത്യായനീദേവീ കൃഷ്ണനെ എനിക്ക് ഭർത്താവായി കിട്ടണമേ). അവർ രാവിലെ നേരത്തെ എഴുന്നേറ്റ് നദിയിൽ കുളിച്ചതിനുശേഷം പൂജകൾ നടത്തി.

വ്രതമവസാനിക്കുന്ന ദിവസം അവർ പതിവുപോലെ നദിയിൽ കുളിക്കാൻ പോയി. അവർ വസ്ത്രങ്ങളെല്ലാം അഴിച്ചു നദിക്കരയിൽ വച്ച് നഗ്നരായാണ് കുളിച്ചത്. ഇതറിഞ്ഞ് കൃഷ്ണൻ അവിടെയെത്തി. പെട്ടെന്ന് എല്ലാവരുടെ വസ്ത്രങ്ങളും വാരിയെടുത്ത് അടുത്തുള്ള ഒരു മരത്തിൽ കയറി ഇരിപ്പായി. അവിടെനിന്ന് കൃഷ്ണൻ വിളിച്ചു പറഞ്ഞു. “നിങ്ങൾ വസ്ത്രങ്ങൾ വേണമെങ്കിൽ വെള്ളത്തിൽനിന്ന് കയറിവന്നു വാങ്ങിക്കൊള്ളുക.” പെൺകുട്ടികൾ പലേവിധത്തിലും കൃഷ്ണനോട് കെഞ്ചിയപേക്ഷിച്ചു നോക്കി. അതൊന്നും നടക്കാതെ വന്നപ്പോൾ അവർ കരയ്ക്കുകയറി വന്നു. അവരുടെ പ്രേമം കണ്ട് സന്തുഷ്ടനായ ഭഗവാൻ പറഞ്ഞു. “നദിയിൽ ഇറങ്ങി നഗ്നരായി കുളിക്കുന്നത് സദാചാരവിരുദ്ധമാണ്. നിങ്ങൾ ശാസ്ത്രാധിഷ്ഠിതമായ ഒരു വ്രതം നോക്കുകയാണല്ലോ. സദാചാരവിരുദ്ധമായ കാര്യങ്ങൾ ഈ വ്രതത്തിന്റെ പ്രയോജനം ഇല്ലാതാക്കും. അതുകൊണ്ട് കൈകൾ രണ്ടും ഉയർത്തി തൊഴുതു പിടിച്ചു ഭക്തിയോടെ വന്നാൽ ഞാൻ വസ്ത്രങ്ങൾ തിരിച്ചു തരാം. ” പെൺകുട്ടികൾ കൃഷ്ണൻ പറഞ്ഞതുപോലെ തൊഴുതു വണങ്ങി വസ്ത്രം വാങ്ങി ധരിച്ചു. അവർക്ക് കൃഷ്ണനോട് ദേഷ്യമൊന്നും തോന്നിയതേയില്ല. കാരണം അവരെല്ലാം കൃഷ്ണനെ അത്രയ്ക്കു സ്നേഹിച്ചിരുന്നു. അവർക്കു കിട്ടിയ ശിക്ഷ ന്യായമാണെന്നവർക്ക് തോന്നുകയും ചെയ്തു.

കൃഷ്ണൻ അവരോട് പറഞ്ഞു. “നിങ്ങളുടെ ഹൃദയാഭിലാഷമെന്തെന്നെനിക്കറിയാം. അവയെല്ലാം നിറവേറുകയും ചെയ്യും. എന്നിലേക്കുവരാനുള്ള ആഗ്രഹം ആഗ്രഹമല്ല തന്നെ. വറുത്തിട്ടവിത്ത് വിത്തല്ലാത്തതുപോലെയത്രെ അത്. നിങ്ങൾ ദേവീയുപാസനചെയ്തതിന്റെ ഫലം ഉടനേ തന്നെ നിങ്ങൾക്കുണ്ടാവും.” പെൺകുട്ടികൾ ഗ്രാമത്തിലേക്ക് മടങ്ങി.

കൃഷ്ണൻ കുറേ കൂട്ടുകാരുമായി ഒരു തോട്ടത്തിൽ പോയി അവിടെ മരങ്ങളെ ചൂണ്ടിക്കാണിച്ച് പറഞ്ഞു. “ഒരു വൃക്ഷത്തിന്റെ ജന്മം എത്ര അനുഗ്രഹീതം. അവ എല്ലാ ജീവജാലങ്ങൾക്കുംവേണ്ട ആഹാരവും തണലും നൽകുന്നു. തങ്ങൾക്കുള്ള സമ്പത്തിനെ പങ്കുവച്ചുനൽകാതെ അവ ആർക്കുനേരേയും പുറം തിരിക്കുന്നില്ല. ഫലങ്ങളായും പൂക്കളായും ഇലകളായും വേരുകളായും മരത്തൊലിയായും അവസാനം വിറകായും അവ എല്ലാവരേയും സേവിക്കുന്നു. ഇതാണ് ഏറ്റവും വലിയ ധർമ്മം. മറ്റുള്ളവരെ തന്റെ ജീവനും ധനവും ഇന്ദ്രിയമനോബുദ്ധികളെല്ലാം ഉപയോഗിച്ചു സേവിച്ച് മോക്ഷമാർഗ്ഗമണയുകയത്രെ പരമ ധർമ്മം.”